**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711** **12-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഹിന്ദു മതത്തിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ ജനസംഖ്യാനുപതികമായ സംവരണം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ജാതി മതാടിസ്ഥാനത്തിലുള്ള സംവരണം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. മാനേജർമാരാണ് നിയമനം നടത്തുന്നത്. അത്തരത്തിൽ സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്ന വിഷയം SLP(C)9975/2018 നമ്പരായി വാദം നടന്നുവരികയാണ്. ഈ കേസിലെ തീരുമാനം എയ്ഡഡ് സ്കൂളുകൾക്കും ബാധകമാകും എന്നതിനാൽ പ്രസ്തുത കേസിൽ ബഹു. സുപ്രീംകോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂവെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികവിഭാഗക്കാർക്ക് സംവരണം നൽകുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ജാതി മതാടിസ്ഥാനത്തിലുള്ള സംവരണം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. മാനേജർമാരാണ് നിയമനം നടത്തുന്നത്. അത്തരത്തിൽ സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്ന വിഷയം SLP(C)9975/2018 നമ്പരായി വാദം നടന്നുവരികയാണ്. ഈ കേസിലെ തീരുമാനം എയ്ഡഡ് സ്കൂളുകൾക്കും ബാധകമാകും എന്നതിനാൽ പ്രസ്തുത കേസിൽ ബഹു. സുപ്രീംകോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂവെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ